**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2546** **15-10-2024 - ൽ മറുപടിയ്ക്ക്**

**മല്ലപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മല്ലപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണ ചുമതല വൈദ്യുതി ബോർഡ് ഏറ്റെടുത്തശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | മല്ലപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായുള്ള SPV ആയി KSEB-യെ ചുമതലപ്പെടുത്തിയതിനെ തുടർന്ന് പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനുള്ള മാസ്റ്റർ പ്ലാനുൾപ്പെടെ ഡി.പി.ആർ തയാറാക്കുകയും ചെയ്തു. ആയതിന് 28.05.2019-ലെ സർക്കാർ ഉത്തരവ് പ്രകാരം Rs.38,25,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയുടെ അപ്രൈസൽ നടപടിക്രമങ്ങൾക്കു ശേഷം 30.11.2020 -ൽ Rs.34.54 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ ലഭിക്കുകയും ചെയ്തു. എന്നാൽ തുടർന്ന് നടപ്പിലാക്കാൻ തീരുമാനിച്ച ഗൃഹ- 3 സ്റ്റാർ റേറ്റിംഗ് ലഭിക്കുന്നതിനുള്ള ജോലികളും കിഫ്ബി യുടെ ഡിസൈൻ റിവ്യൂ നടപടി ക്രമങ്ങളും കിഫ്ബിയുടെ നിർദേശങ്ങൾക്കനുസരിച്ച് പൂർത്തിയാക്കുകയും പുതുക്കിയ ഡി.പി.ആർ. തയാറാക്കുകയും ചെയ്തു. അതിനോടൊപ്പം പുതുക്കിയ ജി.എസ്.ടി. നിരക്കും DSR റിവിഷനും ഉൾപ്പടെയുള്ള റിവൈസ്ഡ് പ്രൊപ്പോസൽ KSEBL കിഫ്ബിയിൽ സമർപ്പിക്കുകയും അതിൻ പ്രകാരം 47,16,69,793/- രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി 13/04/2023 -ൽ കിഫ്ബിയിൽ നിന്നും ലഭിച്ചു. ഇതിൻ മേൽ 47,16,69,793/- രൂപയുടെ പുതുക്കിയ ഭരണാനുമതി സർക്കാർ 26.08.2023-ൽ നൽകുകയുണ്ടായി. തുടർന്നു പദ്ധതിക്ക് ആവശ്യമായ സ്റ്റാറ്റ്യൂട്ടറി അനുമതികൾ എടുക്കുകയും KSEBL 04.07.2023 -ന് സാങ്കേതികാനുമതി നൽകി, 06.07.2023 ന് ടെൻഡർ ക്ഷണിക്കുകയും ചെയ്തു. തുടർന്ന് 05.09.2023 ന് ബിഡ് ഓപ്പൺ ചെയ്യുകയും ടെൻഡർ ഇവാല്യൂവെഷൻ നടപടികൾ പൂർത്തിയാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി M/s ULCCS നെ |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ M/s ULCCS ന് 19.03.2020-ലെ സർക്കാർ ഉത്തരവ് പ്രകാരം ടെൻഡർ തുകക്ക് ഇളവ് നൽകിയതിനെതിരെ (10% പ്രൈസ് പ്രീഫെറൻസ്) മറ്റു കരാറുകാരനായ M/s കൂൾ ഹോംസ് ബഹുഃ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും ബഹുഃ ഹൈക്കോടതി ഇടക്കാല ഉത്തരവ് പ്രകാരം കോടതിയുടെ അനുമതിയില്ലാതെ തുടർ നടപടികൾ എടുക്കരുതെന്ന് ഉത്തരവാകുകയും ചെയ്തു. ബഹു: ഹൈക്കോടതി കേസിന്റെ അടുത്ത ഹിയറിങ് 12/11/2024 ന് പോസ്റ്റ് ചെയ്തിരിക്കുകയാണ്. ആയതിനാൽ ബഹുഃ ഹൈക്കോടതിയുടെ അന്തിമ വിധിക്ക് അനുസരിച്ച് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | മല്ലപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായുള്ള SPV ആയി KSEB-യെ ചുമതലപ്പെടുത്തിയതിനെ തുടർന്ന് പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനുള്ള മാസ്റ്റർ പ്ലാനുൾപ്പെടെ ഡി.പി.ആർ തയാറാക്കുകയും ചെയ്തു. ആയതിന് 28.05.2019-ലെ സർക്കാർ ഉത്തരവ് പ്രകാരം Rs.38,25,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയുടെ അപ്രൈസൽ നടപടിക്രമങ്ങൾക്കു ശേഷം 30.11.2020 -ൽ Rs.34.54 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ ലഭിക്കുകയും ചെയ്തു. എന്നാൽ തുടർന്ന് നടപ്പിലാക്കാൻ തീരുമാനിച്ച ഗൃഹ- 3 സ്റ്റാർ റേറ്റിംഗ് ലഭിക്കുന്നതിനുള്ള ജോലികളും കിഫ്ബി യുടെ ഡിസൈൻ റിവ്യൂ നടപടി ക്രമങ്ങളും കിഫ്ബിയുടെ നിർദേശങ്ങൾക്കനുസരിച്ച് പൂർത്തിയാക്കുകയും പുതുക്കിയ ഡി.പി.ആർ. തയാറാക്കുകയും ചെയ്തു. അതിനോടൊപ്പം പുതുക്കിയ ജി.എസ്.ടി. നിരക്കും DSR റിവിഷനും ഉൾപ്പടെയുള്ള റിവൈസ്ഡ് പ്രൊപ്പോസൽ KSEBL കിഫ്ബിയിൽ സമർപ്പിക്കുകയും അതിൻ പ്രകാരം 47,16,69,793/- രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി 13/04/2023 -ൽ കിഫ്ബിയിൽ നിന്നും ലഭിച്ചു. ഇതിൻ മേൽ 47,16,69,793/- രൂപയുടെ പുതുക്കിയ ഭരണാനുമതി സർക്കാർ 26.08.2023-ൽ നൽകുകയുണ്ടായി. തുടർന്നു പദ്ധതിക്ക് ആവശ്യമായ സ്റ്റാറ്റ്യൂറ്ററി അനുമതികൾ എടുക്കുകയും KSEBL 04.07.2023 -ന് സാങ്കേതികാനുമതി നൽകി, 06.07.2023 ന് ടെൻഡർ ക്ഷണിക്കുകയും ചെയ്തു. തുടർന്ന് 05.09.2023 ന് ബിഡ് ഓപ്പൺ ചെയ്യുകയും ടെൻഡർ ഇവാലുവേഷൻ നടപടികൾ പൂർത്തിയാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനായി M/s ULCCS നെ തിരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ M/s ULCCS ന് 19.03.2020-ലെ സർക്കാർ ഉത്തരവ് പ്രകാരം ടെൻഡർ തുകക്ക് ഇളവ് നൽകിയതിനെതിരെ (10% പ്രൈസ് പ്രീഫെറൻസ്) മറ്റു കരാറുകാരനായ M/s ക്ലൾ ഹോംസ് ബഹു: ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും ബഹു: ഹൈക്കോടതി ഇടക്കാല ഉത്തരവ് പ്രകാരം കോടതിയുടെ അനുമതിയില്ലാതെ തുടർ നടപടികൾ എടുക്കരുതെന്ന് ഉത്തരവാകുകയും ചെയ്തു. ബഹു: ഹൈക്കോടതി കേസിന്റെ അടുത്ത ഹിയറിങ് 12/11/2024 ന് പോസ്റ്റ് ചെയ്തിരിക്കുകയാണ്. ആയതിനാൽ ബഹു: ഹൈക്കോടതിയുടെ അന്തിമ വിധിക്ക് അനുസരിച്ച് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ